**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **10-06-2024 - ൽ മറുപടിയ്ക്ക്**

**ക്രമസമാധാനപരിപാലനത്തിനു പോലീസ് നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ക്രമസമാധാനപാലനത്തിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിന്റെ നേട്ടങ്ങളെ അസ്ഥിരപ്പെടുത്തുന്നതിനായി നടത്തിവരുന്ന വ്യാജ പ്രചരണങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എല്ലാത്തരം വ്യാജ പ്രചരണങ്ങളും കേരള പോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം നിരീക്ഷിക്കുകയും സാമൂഹ്യസൗഹാർദ്ദം തകർക്കുന്ന തരത്തിലോ ക്രമസമാധാനത്തിന് ഭംഗം വരുത്തുന്ന തരത്തിലോ വ്യാജപ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഗുണ്ടാരാജ് ആണെന്നുള്ള പ്രതീതി വരുത്താൻ നടത്തുന്ന ശ്രമങ്ങൾ പോലീസ് സേനയുടെ ആത്മവീര്യം തകർക്കാനും അതുവഴി സംസ്ഥാനത്തെ സമാധാന അന്തരീക്ഷത്തിന് ഭംഗം വരുത്താനുമുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. നവമാധ്യമങ്ങളിലൂടെ പോലീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള വ്യാജ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്ന തിനെതിരെ പോലീസിന്റെ സോഷ്യൽ മീഡിയ പേജുകൾ മുഖേന നിജസ്ഥിതി വിശദീകരിച്ച് വാർത്തകൾ നൽകുകയും ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽകരണം നൽകുകയും ചെയ്തുവരുന്നു. |
| (സി) | കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും മയക്കുമരുന്ന് ഇടപാടുകാരെയും കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വ്യാപകമായി ഡി ഹണ്ട്, ആഗ് ഓപ്പറേഷനുകൾ വഴി പോലീസ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ? | (സി) | പൊതുജനങ്ങൾക്ക് സമാധാനപരമായ ജീവിതം ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും നിരോധിത മയക്ക മരുന്നുകളുടെ സംഭരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും പിടികൂടാനായി കേരള പോലീസ് ഓപ്പറേഷൻ ഡി ഹണ്ട്, ഓപ്പറേഷൻ ആഗ് എന്നീ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സ്വതന്ത്ര ജീവിതത്തിനും തടസ്സം നിൽക്കുന്ന കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണ്ടകളെയും മയക്കുമരുന്ന് മാഫിയകളെയും മറ്റ് സാമൂഹിക വിരുദ്ധരെയും തുറുങ്കിലടക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് വ്യാപകമായ സ്വീകാര്യതയാണ് ലഭിച്ചത്. ഇതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | നിരവധി ഗുണ്ടകൾക്കെതിരെ കാപ്പ നിയമ പ്രകാരം നടപടിയെടുക്കുന്നുണ്ട്. കൂടാതെ ക്രിമിനലുകളുടെ കേസുകളുടെ വിവരങ്ങൾ നിരന്തരം ശേഖരിച്ചും, അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചും, ടിയാൻമാരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തു വരുന്നു. ഓപ്പറേഷൻ ഡി ഹണ്ട്, ഓപ്പറേഷൻ ആഗ് എന്ന പേരിൽ 15.05.2024 മുതൽ 24.05.2024 വരെ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ